"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100-ൽ പെട്ടതും മിലിറ്ററി വിഭാഗത്തിന് പതിച്ചു നൽകുന്നതിനായി മാറ്റി വച്ചിട്ടുള്ളതിൽ ഉൾപ്പെടുന്നതുമായ 50 ഏക്കർ സർക്കാർ ഭൂമി, അതിൽ നിന്ന് ഒഴിവാക്കി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കമ്പോള വിലയുടെ 3% നിരക്കിൽ വാർഷികപാട്ടം ഈടാക്കി നിശ്ചിത പാട്ട വ്യവസ്ഥകൾക്ക് വിധേയമായി 30 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.126/2025/RD തീയതി,തിരുവനന്തപുരം, 11-05-2025

---

പരാമർശം:-

1. 06.02.2016- ലെ ജി.ഒ.(എം.എസ്) നമ്പർ 96/2016/റവ നമ്പർ ഉത്തരവ്.
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 03/04/2024-ലെ ഡി.സി.കെ.എസ്.ജി.ഡി/10223/2023/സി6 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27/08/2024 -ലെ എൽ ആർ/13890/2023- എൽ.ആർ(ജെ10) നമ്പർ കത്ത്.
4. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എം.ഡിയുടെ 23/12/2024-ലെ KMRL/SYS/KSP/2024/09 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100 ൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പാട്ടത്തിനു നൽകുന്നതിനായി പരാമർശം (2) പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു.

2) വില്ലേജ് രേഖകൾ പ്രകാരം പാട്ടത്തിന് അനുവദിക്കുന്നതിന് ശിപാർശ ചെയ്ത സർവെ നം. 100ൽ assessed wasteland ൽ (AW) പ്പെട്ട 50 ഏക്കർ വസ്തു മിലിട്ടറി വിഭാഗത്തിനായി പതിച്ച് നൽകുന്നതിനായി മാറ്റി വെച്ചിട്ടുള്ള 377.91 ഏക്കറിൽപ്പെട്ടതാണ്. ടി 377.91 ഏക്കറിൽ നിന്നും 120.91 ഏക്കർ പതിച്ചു നൽകിയിട്ടുള്ളതുമാണ്. പാട്ടത്തിന് ശിപാർശ ചെയ്ത 50 ഏക്കർ മാറ്റി നിർത്തിയാൽ ബാക്കി 207 ഏക്കറാണ് മിലിട്ടറി വിഭാഗത്തിനായി പതിച്ചു നൽകുവാൻ ഇനി ബാക്കിയുള്ളത്. ടി 50 ഏക്കർ ഭൂമി മിലിട്ടറി വിഭാഗത്തിന് അനുവദിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടില്ല. മഹസ്സർ പ്രകാരം കുണ്ടറ -തോരകൊച്ചി ഭാഗത്തായി സ്ഥിതി ചെയ്യുന്നതും പാറ

പ്രദേശമായി കാണുന്നതുമായ ടി വസ്തുവിൽ അനുഭവങ്ങളില്ലാത്തതും അടങ്കൽ രജിസ്റ്റർ പ്രകാരം ടി വസ്തു അസ്സസ്സ്ഡ് വേസ്റ്റ് ലാൻഡും (AW Land) ആണ്. ആറൊന്നിന് 26400/- രൂപ (ഇരുപത്താറായിരത്തി നാനൂറ് രൂപ മാത്രം) ന്യായവില നിശ്ചയിച്ചിട്ടുള്ള, കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100 ൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമി, പരാമർശം (1) ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം കമ്പോളവിലയുടെ 3% വാർഷികപാട്ട നിരക്കിൽ 32,05,115/- രൂപ (മുപ്പത്തി രണ്ട് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) വാർഷിക പാട്ടം ഈടാക്കി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും ആയത് ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

3) സോളാർ പാർക്ക് നിർമ്മിക്കുന്നതിനായി ഓരോ മൂന്ന് വർഷം കൂടുമ്പോൾ നിലവിലുള്ള കമ്പോളവിലയ്ക്കനുസൃതമായി പാട്ടം പുതുക്കേണ്ടതാണെന്ന നിബന്ധനക്ക് വിധേയമായി 32,05,115/- രൂപ (മുപ്പത്തി രണ്ട് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) വാർഷിക പാട്ടം നിശ്ചയിച്ച് കാസർഗോഡ് ജില്ലയിലെ 50 ഏക്കർ ഭൂമി 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നത് സമ്മതമാണെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിലിറ്ററി വിഭാഗത്തിന് പതിച്ചു നൽകുന്നതിനായി മാറ്റി വച്ചിട്ടുള്ള കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100 ൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമി, അതിൽ നിന്ന് ഒഴിവാക്കി ഓരോ മൂന്ന് വർഷം കൂടുമ്പോഴും അപ്പോൾ നിലവിലുള്ള കമ്പോള വിലക്കനുസൃതമായി പാട്ടം പുതുക്കേണ്ടതാണെന്ന നിബന്ധനയോടും താഴെ പറയുന്ന നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായും കമ്പോളവിലയുടെ 3% വാർഷിക പാട്ടനിരക്കിൽ 32,05,115/-രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി പതിനഞ്ച് രൂപ) വാർഷിക പാട്ടം ഈടാക്കി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.

ii. ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല.

iii. ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗ പ്പെടുത്തുവാനോ പാടില്ല.

iv. ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്.

v. ഭൂമിയിലെ മരങ്ങൾ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതാണ്.

vi. പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%- മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

vii. പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ് .

viii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

5) ഇക്കാര്യത്തിലുള്ള നിയമാനുസൃത നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
തഹസിൽദാർ, ഹോസ്ദുർഗ് താലൂക്ക്.
ധനകാര്യ വകുപ്പ് ( C2/23/2022-TRANS പ്രകാരം).
ഗതാഗത (സി) വകുപ്പ് ( C2/23/2022-TRANS പ്രകാരം).
പൊതുഭരണ (എസ്.സി)വകുപ്പ് ( 07/05/2025-ലെ ഇനം നം.2926 പ്രകാരം).
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
സെക്ഷൻ ഓഫീസർ
Date: 12-05-2025 10:34:29

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-05-2025

ഫയൽ നം. എം3/23/2023/റവ. ഇനം നം: 2926

വിഷയം : റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്ക്, അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100-ൽപ്പെട്ട 50 ഏക്കർ സർക്കാർ ഭൂമി, കമ്പോളവിലയുടെ 3% വാർഷിക പാട്ടനിരക്കിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL), എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്ന വിഷയം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

2926

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം3/23/2023/റവ. |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്ക്, അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100 ൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമി, കമ്പോളവിലയുടെ 3% വാർഷിക പാട്ടനിരക്കിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL), എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്ന വിഷയം - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 17.10.2024 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ ആർ.എൽ |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽസെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 05.03.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്ക്, അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100 ൽ പെട്ടതും മിലിറ്ററി വിഭാഗത്തിന് പതിച്ചു നൽകുന്നതിനായി മാറ്റി വച്ചിട്ടുള്ളതിൽ ഉൾപ്പെടുന്നതുമായ 50 ഏക്കർ സർക്കാർ ഭൂമി, അതിൽ നിന്നും ഒഴിവാക്കി ഓരോ മൂന്ന് വർഷം കൂടുമ്പോഴും അപ്പോൾ നിലവിലുള്ള ഭൂമിയുടെ കമ്പോള വിലക്കനുസൃതമായി പാട്ടം പുതുക്കേണ്ടതാണെന്ന നിബന്ധനയോടും, സർക്കാർ ഭൂമി പാട്ടത്തിനനുവദിക്കുന്നത് സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും കമ്പോളവിലയുടെ 3% വാർഷിക പാട്ടനിരക്കിൽ 32,05,115/- രൂപ വാർഷിക പാട്ടം ഈടാക്കി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL), എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്ന വിഷയം സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ഹോസ്ദുർഗ്ഗ് താലൂക്ക് അമ്പലത്തറ വില്ലേജിലെ സർവ്വേ നം. 100 ൽപ്പെട്ട 50 ഏക്കർ സർക്കാർ ഭൂമി സോളാർ പാർക്ക് നിർമ്മിക്കുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനിക്ക് പാട്ടത്തിന് നൽകുന്ന വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാൻ ഗതാഗത (സി) വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണറോട് പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

3) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്ക്, അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100 ൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL), എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പാട്ടത്തിനു നൽകുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിരുന്നു. വില്ലേജ് രേഖകൾ പ്രകാരം പാട്ടത്തിന് അനുവദിക്കുന്നതിന് ശിപാർശ ചെയ്ത സർവെ നം. 100 ൽ assessed waste land ൽ (AW) പ്പെട്ട 50 ഏക്കർ വസ്തു മിലിട്ടറി വിഭാഗത്തിനായി പതിച്ച് നൽകുന്നതിനായി മാറ്റി വെച്ചിട്ടുള്ള 377.91 ഏക്കറിൽപ്പെട്ടതാണ്. ടി 377.91 ഏക്കറിൽ നിന്നും 120.91 ഏക്കർ പതിച്ചു നൽകിയിട്ടുള്ളതുമാണ്. പാട്ടത്തിന് ശിപാർശ ചെയ്ത 50 ഏക്കർ മാറ്റി നിർത്തിയാൽ ബാക്കി 207 ഏക്കറാണ് മിലിട്ടറി വിഭാഗത്തിനായി പതിച്ചു നൽകുവാൻ ഇനി ബാക്കിയുള്ളത്. ടി 50 ഏക്കർ ഭൂമി മിലിട്ടറി വിഭാഗത്തിന് അനുവദിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടില്ല. മഹസ്സർ പ്രകാരം കുണ്ടറ -തോരകൊച്ചി ഭാഗത്തായി സ്ഥിതി ചെയ്യുന്നതും പാറ പ്രദേശമായി കാണുന്നതുമായ ടി വസ്തുവിൽ അനുഭവങ്ങളില്ലാത്തതും അടങ്കൽ രജിസ്റ്റർ പ്രകാരം ടി വസ്തു അസ്സസ്സ്ഡ് വേസ്റ്റ് ലാൻഡും (AW Land) ആണ്. ആറൊന്നിന് 26400/- രൂപ ന്യായ വില നിശ്ചയിച്ചിട്ടുള്ള കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്ക്, അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100 ൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമി, 06.02.2016-ലെ ജി.ഒ (എം.എസ്) നമ്പർ 96/2016/റവ നമ്പർ ഉത്തരവ് പ്രകാരം കമ്പോളവിലയുടെ 3%

വാർഷികപാട്ട നിരക്കിൽ 32,05,115/- രൂപ (മുപ്പത്തി രണ്ട് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി പതിനഞ്ച് രൂപ) വാർഷിക പാട്ടം ഈടാക്കി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL), എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും ആയത് ലാൻഡ് റവന്യു കമ്മീഷണർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4) ഈ വിഷയം സംബന്ധിച്ച് ഗതാഗത വകുപ്പിന്റെ ഫയലിൽ റവന്യൂ മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്:

"KMRL ആവശ്യപ്പെട്ട ഭൂമി, സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ആവശ്യമില്ലെന്നു കാണുന്ന പക്ഷം, ചട്ട പ്രകാരമുള്ള പാട്ട വ്യവസ്ഥയ്ക്കും, പാട്ടനിരക്കിനും വിധേയമായി KMRL-നു സോളാർ പാർക്ക സ്ഥാപിക്കുന്നതിന് നൽകാവുന്നതാണ്."

5) ഈ വിഷയം സംബന്ധിച്ച് ഗതാഗത വകുപ്പിന്റെ ഫയലിൽ അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്:

"We agree with the observation of Revenue Minister at Note # 13."

6)ഫയൽ ചംക്രമണം ചെയ്തപ്പോൾ മേൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

7) മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം നിർദ്ദേശിച്ചിരുന്നു:

"സൗജന്യമായി ഭൂമി അനുവദിക്കണമെന്നാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ആവശ്യമെന്നതിനാൽ 32,05,115/- രൂപ വാർഷിക പാട്ടം അടയ്ക്കുന്നതിന് തയ്യാറാണോ എന്ന കാര്യത്തിലും മൂന്നു വർഷം കൂടുമ്പോൾ അന്നത്തെ കമ്പോള വിലയുടെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കി നൽകുന്ന കാര്യത്തിലും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ അഭിപ്രായം കൂടി തേടി അതിനനുസൃതമായി കുറിപ്പ് ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതാണ്."

8) ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. സോളാർ പാർക്ക് നിർമ്മിക്കുന്നതിനായി ഓരോ മൂന്ന് വർഷം കൂടുമ്പോൾ നിലവിലുള്ള കമ്പോളവിലയ്ക്കനുസൃതമായി പാട്ടം പുതുക്കേണ്ടതാണെന്ന നിബന്ധനക്ക് വിധേയമായി 32,05,115/- രൂപ വാർഷിക പാട്ടം നിശ്ചയിച്ച് കാസർഗോഡ്

ജില്ലയിലെ 50 ഏക്കർ ഭൂമി 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നത് സമ്മതമാണെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

മിലിറ്ററി വിഭാഗത്തിന് പതിച്ച നൽകുന്നതിനായി മാറ്റി വച്ചിട്ടുള്ള കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്ക്, അമ്പലത്തറ വില്ലേജിൽ സർവ്വേ നമ്പർ 100 ൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമി, അതിൽ നിന്ന് ഒഴിവാക്കി ഓരോ മൂന്ന് വർഷം കൂടുമ്പോഴും അപ്പോൾ നിലവിലുള്ള കമ്പോള വിലക്കനുസൃതമായി പാട്ടം പുതുക്കേണ്ടതാണെന്ന നിബന്ധനയോടും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായും കമ്പോളവിലയുടെ 3% വാർഷിക പാട്ടനിരക്കിൽ 32,05,115/-( മുപ്പത്തി രണ്ട് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി പതിനഞ്ച് രൂപ) വാർഷിക പാട്ടം ഈടാക്കി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL), എന്ന കമ്പനിക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കാവുന്നതാണോ?

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ ;

ii. ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ , അന്യാധീനപ്പെടുത്തുവാനോ , പാടുള്ളതല്ല ;

iii. ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗ പ്പെടുത്തുവാനോ പാടില്ല ;

iv. ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) തന്നെ സംരക്ഷിച്ച നിർത്തേണ്ടതാണ് ;

v. ഭൂമിയിലെ മരങ്ങൾ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ . കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതാണ്.

vi. പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ് . ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%- മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ് .

vii. പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ , മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ് .

viii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .